# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2576** — **19/3/2015**-ൽ മറുപടിക്ക്

## മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ചന്ദ്രൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;<br>(ബി) ഏതെല്ലാം പഞ്ചായത്തുകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്;<br>(സി) പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;<br>(ഡി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; | (എ), (ബി), (സി) & (ഡി) ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം സ്രോതസ്സാക്കിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി, കണ്ണമ്പ്ര പഞ്ചായത്തുകൾ ഉൾപ്പെട്ട 82.00 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിനായി 20.00 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ആയതിന് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. മംഗലം ഡാമിൽ ജലശുദ്ധീകരണശാല, ഉന്നതതല ജലസംഭരണി, കിണർ എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനും വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

JSK/